

# വാർത്തകളും കുറിപ്പുകളും

**1. മഹായിടവക ജ്ഞാനനിക്ഷേപം പുരസ്കാരം 2024, ടൈഡിങ്സിന്**

മധ്യകേരള മഹായിടവകയിലെ 2024 വർഷത്തെ ഏറ്റവും മികച്ച ഇടവക ദൂതനുള്ള ജ്ഞാനനിക്ഷേപം പുരസ്കാരം ടൈഡിങ്സിന് ലഭിച്ചു. മഹായിടവക വാർഷിക കൺവൻഷന്റെ അവസാനദിനമായ 2-2-25 നു നടന്ന മഹായിടവകദിന യോഗത്തിൽ വച്ച് ടൈഡിങ്സ് എഡിറ്റോറിയൽ ബോർഡ് കൺവീനർ ശ്രീ സജി സാം ജോർജ്, മഹാ യിടവക മുൻ ബിഷപ്പ് തോമസ് കെ ഉമ്മൻ തിരുമേനിയിൽ നിന്നും പുരസ്കാരം എറ്റു വാങ്ങി. 9-2-25 ഞായറാഴ്ച മലയാളം ആരാധനക്ക് ശേഷം മഹായിടവക നൽകിയ സർട്ടിഫിക്കറ്റും മൊമന്റോയും സ/ശ്രീ സജി സാം ജോർജും, രജി ഈശോ ചെറിയാനും (ടൈഡിങ്സ് എഡിറ്റോറിയൽ ബോർഡ് അംഗം) മഹായിടവക അത്മായ ഔദ്യോ ഗിക ഭാരവാഹികളുടെ കൈയിൽ നിന്നും ഏറ്റു വാങ്ങുകയുണ്ടായി.

**2. മാസവരി, ആദ്യഫല കുടിശ്ശികകൾ**

നടപ്പു സാമ്പത്തിക വർഷം ഈ മാസം അവസാനിക്കുകയാ ണല്ലോ. മാസവരി, ആദ്യഫല ലേലം, സ്തോത്രദാനങ്ങൾ, ടൈഡിങ്സ് മെമ്മോറിയൽ പേജുകൾ തുടങ്ങിയവയിൽ, കുടിശ്ശിക ഉള്ളവർ അവ തീർപ്പാക്കുവാൻ താത്പര്യപ്പെടുന്നു. എല്ലാ ഞായറാഴ്ചകളിലും ആരാധ നകൾക്കുശേഷം ഇതിനായി പ്രത്യേക കൗണ്ടറുകൾ പള്ളി പോർച്ചിൽ പ്രവർത്തിക്കുന്നതാണ്. കൂടാതെ ഓൺലൈൻ ആയും, നന്തൻകോടുള്ള പള്ളി ഓഫീസിലും ഇവ ഒടുക്കാവുന്നതാണ്.

**3. പട്ടക്കാരുടെ സ്ഥലം മാറ്റം**

പട്ടക്കാരുടെ സ്ഥലം മാറ്റ ലിസ്റ്റ് 2025-26 പുറത്തിറങ്ങി. അസി. വികാരി റവ. ബിനോ ജേക്കബച്ചന് കോയമ്പത്തൂർ & കാരുണ്യ ചാപ്പൽ ഇടവകയിലേക്കാണ് സ്ഥലം മാറ്റം ലഭിച്ചിരിക്കുന്നത്. പകരമായി ഒരു ഡീക്കൻ ഡെസിഗ്നേറ്റിനെ ആണ് നൽകിയിട്ടുള്ളത്.

**4. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് - മധ്യകേരള മഹായിടവക സ്പോൺസർഷിപ്പ്.**

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ 2025 എം ബി ബി എസ്, ബി എസ് സി നേഴ്സിങ് (വെല്ലൂർ & ചിറ്റൂർ) കോഴ്സുകളുടെ

സ്പോൺസർഷിപ്പ് ഫോറം, മഹായിടവക ഓഫീസിൽ നിന്നും 3-3-25 മുതൽ ലഭിച്ചുതുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 04812567274, 2566931, 2303274.

**5. മഹായിടവക കൺവൻഷൻ 2025**

മധ്യകേരള മഹായിടവക വാർഷിക കൺവൻഷൻ 2025 ജനുവരി 26 മുതൽ ഫെബ്രുവരി 2 വരെ കോട്ടയത്തുവച്ചു നടന്നു. അവസാന ദിനമായ 2-2-25 നു ക്രൈസ്റ്റ് ചർച്ചിനെ പ്രതിനിധീകരിച്ചു 10 പേർ കൺവൻഷനിൽ പങ്കെടുക്കുകയുണ്ടായി.

**6. സ്ത്രീജനസഖ്യ ഞായർ**

മധ്യകേരള മഹായിടവക 2-3-25 സ്ത്രീജനസഖ്യ ഞായർ ആയി ആചരിക്കുന്നു എങ്കിലും, ചിലസാങ്കേതിക കാരണങ്ങളാൽ ക്രൈസ്റ്റ് ചർച്ചിൽ അത് 9-3-25 ഞായറാഴ്ച ആയിരിയ്ക്കും ആചരിക്കുക എന്നറിയിക്കുന്നു.

അടൂർ പുതുവലിൽ വച്ച് 8-2-25 നു നടന്ന അടൂർ ജില്ലാ കലാമേളയിൽ ക്രൈസ്റ്റ് ചർച്ച് സ്ത്രീജനസഖ്യം 148 പോയിന്റുകൾ നേടി ഓവർ ഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി-അഭിനന്ദനങ്ങൾ!

**7. ആശാഭവൻ കാണക്കാരി**

വാർഷിക വിനോദയാത്രയുടെ ഭാഗമായി തിരുവനന്തപുരത്തു വന്ന ആശാഭവൻ വിദ്യാർത്ഥികളും, അവരുടെ മാതാപിതാക്കളും, ജീവനക്കാരും അടങ്ങുന്ന 50 അംഗസംഘം 21-2-25 നു ക്രൈസ്റ്റ് ചർച്ച് സന്ദർശിച്ചു. അവർക്കു സഭയായി ഉച്ചഭക്ഷണം ക്രമീകരിച്ചു നൽകുകയുണ്ടായി.

നാല്പതു നാളിലെ ഉപവാസവും പ്രാർത്ഥനയും ചാമ്പൽ ബുധനാഴ്ച ആരംഭിക്കുന്നു. ചാമ്പൽ ബുധൻ അനുതാപത്തിന്റെയും പുതുക്കലിന്റെയും പ്രതീകമാണ്. ഈയാണ്ടത്തെ നോമ്പുകാലം 5-3-25 ബുധനാഴ്ച ആരംഭിച്ചു 20-4-25 ഈസ്റ്റർ ഞായറാഴ്ച അവസാനിക്കുന്നു. നോമ്പ് കാലം നാം പ്രാർഥനക്കും, ഉപവാസത്തിനും, ദാനധർമങ്ങൾ ചെയ്യുന്നതിനുമുള്ള കാലയളവായി വേർതിരിച്ചിരിക്കുന്നു. നോമ്പാചരണത്തിലൂടെ നമുക്ക് നമ്മുടെ വിശ്വാസം, ക്ഷമ തുടങ്ങിയവ വളർത്തി കൊണ്ടു ദൈവത്തിങ്കലേക്കു കൂടുതൽ അടുക്കുവാൻ ശ്രമിക്കാം.

പ്രാർത്ഥനാഭിവാദ്യങ്ങളോടെ

**സജി സാം ജോർജ്**

സെക്രട്ടറി